(എ) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത്രാജ് നഗരപാലിക എന്നീ നിയമങ്ങളുടെ പരിധിയിൽ എന്തെല്ലാം ചുമതലകളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ഗ്രാമവികസനവകുപ്പ് ഉദ്യോഗസ്ഥർ ഏതെല്ലാം തസ്തികകളിൽപ്പെട്ടവരാണ്;

(സി) ഇവരുടെ ഭരണനിയന്ത്രണം റവന്യൂ വകുപ്പിനാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് തീരുമാനിക്കുന്ന എല്ലാ ചുമതലകളും ഗ്രാമപഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ഗ്രാമവികസനവകുപ്പിലെ ഉദ്യോഗസ്ഥർ നിർവഹിക്കണം.

(ബി) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) -1
ഡിസ്ട്രിക്ട് വിമൻസ് വെൽഫെയർ ഓഫീസർ - 1
ജൂനിയർ സൂപ്രണ്ട് - 1
എൽ.ഡി./യു.ഡി. ക്ലാർക്ക് - 5
ടൈപ്പിസ്റ്റ് - 1
ഡ്രൈവർ - 1
പ്യൂൺ - 1

(സി) അല്ല. ഗ്രാമവികസന വകുപ്പിനാണ്.

26 (422) ഗ്രാമവികസന ഏജൻസിയിലെ അഴിമതി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ഗ്രാമവികസന ഏജൻസിയിൽ അഴിമതിയും ക്രമക്കേടുകളും നടന്നുവരുന്നതായി പരാതിയോ, റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) ജില്ലാ ഗ്രാമവികസന ഏജൻസിയുടെ പ്രോജക്ട് ഓഫീസറുടെയും മറ്റും പേരിൽ ഗവൺമെന്റ് വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) ഈ പ്രോജക്ട് ഓഫീസറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ആലപ്പുഴ ജില്ലാ ഗ്രാമവികസന ഏജൻസിയിലെ എഞ്ചിനീയർമാരെപ്പറ്റി സർക്കാരിന് ആക്ഷേപം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(എഫ്) ഈ എഞ്ചിനീയർമാരുടെ പേരിലുള്ള ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടോ;

(ജി) ഡി.ആർ.ഡി.എ. യോഗത്തിന്റെ മിനിട്സ് തിരുത്തൽ, മൊബൈൽ ഫോൺ വാങ്ങൽ തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഡി.ആർ.ഡി.എ.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർക്കെതിരെ ഉണ്ടായ ആക്ഷേപങ്ങളുടെ നിജസ്ഥിതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(എച്ച്) ആലപ്പുഴ ജില്ലയിലെ ഗ്രാമീണ ദരിദ്രരെ ഉദ്ധരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഡി.ആർ.ഡി.എ.യിലെ ഓഫീസർമാർ ദുർവിനിയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നബാർഡിന്റെ വായ്പാസഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് റോഡു പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയതിൽ ക്രമക്കേടുകൾ ഉള്ളതായി ആരോപിച്ചുകൊണ്ടുള്ള പത്രറിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലാ ഗ്രാമവികസന ഏജൻസിയുടെ കീഴിൽ ജില്ലയിൽ നടപ്പിലാക്കുന്ന നബാർഡ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളിൽ ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി നടന്ന ക്രമക്കേടുകൾ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയൂ.

(ഇ) ഉണ്ട്. കായംകുളം നിയോജകമണ്ഡലത്തിലെ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനിടയിൽ ജില്ലാ ഗ്രാമവികസന ഏജൻസിയിലെ എഞ്ചിനീയർ ഉൾപ്പെടെയുള്ള എഞ്ചിനീയർമാരുടേയും ഓവർസിയറുടേയും ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറിൽ നിന്ന് ഒരു പരാതി ലഭിച്ചിട്ടുണ്ട് ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയതിൽ ക്രമക്കേടുകൾ ഉള്ളതായി ആരോപിച്ചുകൊണ്ടുള്ള പത്രറിപ്പോർട്ടും ലഭിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഈ ആക്ഷേപങ്ങളെ സംബന്ധിച്ചുള്ള പത്രറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഇതിന്മേൽ ഒരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നടത്തിപ്പ് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതികൾക്കുള്ള പണം ഇപ്പോൾ ഡി.ആർ.ഡി.എ. വഴി നേരിട്ടല്ല ചെലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly